(എഫ്) മാവേലി സ്റ്റോറുകളിലൂടെയും, റേഷൻകടകളിലൂടെയും മേൽപ്പറഞ്ഞ സാധനങ്ങൾ വിൽക്കാതിരിക്കാനുണ്ടായ കാരണമെന്തായിരുന്നു ;

(ജി) ഇതുമൂലം വന്ന നഷ്ടത്തിന് ആരാണുത്തരവാദികൾ ;

(എച്ച്) ഉത്തരവാദികളായവരിൽനിന്ന് നഷ്ടം വന്ന സംഖ്യ ഈടാക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) റേഷൻകടകളിലൂടെയും മാവേലി സ്റ്റോറുകളിലൂടെയും വിൽക്കാനായി വാങ്ങിയ സാധനങ്ങൾ ഒന്നുംതന്നെ മൊത്തമായി സ്വകാര്യ വ്യക്തികൾക്കോ സ്ഥാപനങ്ങൾക്കോ വിറ്റിട്ടില്ല

(ബി, സി, ഡി, ഇ, എഫ്, ജി, എച്ച്) ചോദ്യം ഉദിക്കുന്നില്ല.

വിദ്യുച്ഛക്തി ബോർഡിന്റെ ആഫീസുകൾ

1588. [2356] ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ :
ശ്രീ കാനം രാജേന്ദ്രൻ :
,, കെ പി. പ്രഭാകരൻ :
,, കെ. ടി. കുമാരൻ :
,, കെ. ഇ. ഇസ്മയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാന വിദ്യുച്ഛക്തി ബോർഡിന്റെ കീഴിലുള്ള എത്ര ആഫീസുകൾ നിർത്തലാക്കി ;

(ബി) അവ ഏതെല്ലാം ആഫീസുകളാണെന്നും അവ എവിടെയെല്ലാമാണെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഭരണപരമായ സൗകര്യങ്ങൾ മുൻനിർത്തി ആഫീസുകളുടെ സംവിധാനത്തിൽ ചില ക്രമീകരണങ്ങൾ നടത്തിയിട്ടുണ്ട്. പക്ഷേ ആഫീസുകൾ നിർവഹിക്കേണ്ട ചുമതലകളുടെ അടിസ്ഥാനത്തിൽ നോക്കുന്നപക്ഷം ആഫീസുകൾക്ക് പുതിയ പേരു കൊടുത്തുവെന്നല്ലാതെ അവ നിർത്തിയെന്നു പറയുന്നതു ശരിയായിരിക്കുകയില്ല.

(ബി) ഉത്തരം (എ) യുടെ വെളിച്ചത്തിൽ പ്രസക്തമല്ല.

ഈ വർഷം ആരംഭിക്കുന്ന ജല വൈദ്യുത പദ്ധതികൾ

1589. [2358] ശ്രീ. ടി. കെ. ഹംസ :
,, വി ജെ. തങ്കപ്പൻ :
ശ്രീമതി പി. ദേവൂട്ടി :
ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ :
,, എം. ജിനദേവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) ഈ വർഷം സംസ്ഥാനത്ത് ജലവൈദ്യുത പദ്ധതികൾ ആരംഭിക്കുന്നതിന് കേന്ദ്ര ഗവൺമെന്റിൽ നിന്നും അനുമതി ലഭിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം പദ്ധതികൾക്ക് ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.
(ബി) 1. പൂയാംകുട്ടി—240 മെഗാവാട്ട്.
2. മലങ്കര—6 മെഗാവാട്ട്.
3. ചിമ്മിണി—2.5 മെഗാവാട്ട്.

ഇരിക്കൂറിൽ ജൂനിയർ എൻജിനീയർ ആഫീസ്

1590. [2365] ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യത്തിന് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

വിദ്യുച്ഛക്തി ഉപഭോക്താക്കളുടെ സൗകര്യത്തെ കരുതി കണ്ണൂർ ജില്ലയിൽ ഇരിക്കൂർ കേന്ദ്രമായി ഒരു ജൂനിയർ എൻജിനീയർ ഓഫീസ് അനുവദിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

പരിശോധിച്ച് ആവശ്യമാണെന്നു കാണുന്നപക്ഷം പരിഗണിക്കുന്നതാണ്.

വെള്ളിയാട് ഹരിജൻ കോളനിയിലെ ശുദ്ധജല വിതരണ പദ്ധതിക്ക് വൈദ്യുതി

1591. [2371] ശ്രീ. വി. സി. കബീർ : താഴെ കാണുന്ന ചോദ്യത്തിന് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

പാലക്കാട് ജില്ലയിലെ ഒറ്റപ്പാലം മണ്ഡലത്തിൽപ്പെട്ട വാണിയംകുളം പഞ്ചായത്തിലെ വെള്ളിയാട് ഹരിജൻ കോളനിയിൽ ശുദ്ധജല വിതരണ പദ്ധതിക്ക് വൈദ്യുതി കണക്ഷൻ ലഭിച്ചിട്ടില്ലെന്നുള്ള പരാതി ലഭിച്ചിട്ടുണ്ടോ ?

ഉത്തരം

ഉണ്ട്. ഈ ആവശ്യത്തിനുള്ള പണി തുടങ്ങികഴിഞ്ഞിട്ടുണ്ട്.

സാധു പദ്ധതിപ്രകാരം പമ്പ് സെറ്റ് സ്ഥാപിച്ചവർക്ക് വൈദ്യുതി ലഭിക്കാത്തതുകൊണ്ട് ഉണ്ടാകുന്ന ബുദ്ധിമുട്ട്

1592. [2374] ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ :
,, കെ. പി. രാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാധുസ്കീം പ്രകാരം ലോണെടുത്ത് പമ്പ് സെറ്റ് സ്ഥാപിച്ചിട്ട് വൈദ്യുതി ലഭിക്കാത്തതിനെത്തുടർന്ന് കർഷകർക്കുണ്ടായിട്ടുള്ള ബുദ്ധിമുട്ട് ഗവൺമെൻറിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

(ബി) ഈ വിഭാഗത്തിന് വൈദ്യുതി മുൻഗണനപ്രകാരം നൽകാൻ ഗവൺമെൻറ് തയ്യാറാകുമോ ?

ഉത്തരം

(എ) ചിലയിടങ്ങളിലുള്ള കാലതാമസം ബുദ്ധിമുട്ടുണ്ടാക്കുന്നതായി ബോർഡിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly